## ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി

**281 (628)** ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്ക് 2012-13 മുതൽ 2014-15 വരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) നൽകിയിട്ടുള്ള തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്കും പ്രസ്തുത തുക വിനിയോഗിച്ച് ഓരോ വർഷവും തുടങ്ങിയ പദ്ധതികളുടെ പേരു വിവരവും വ്യക്താമാക്കുമോ ;

(സി) ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപാ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) പട്ടികവർഗ്ഗക്കാർക്ക് 2012-13 മുതൽ 2014-15 വരെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി കേന്ദ്ര സർക്കാർ 934.82 ലക്ഷം രൂപ നല്കിയിട്ടുണ്ട്.

സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2012-13 | - | 355.98 ലക്ഷം രൂപ |
| 2013-14 | - | 302.40 " |
| 2014-15 | - | 276.44 " |

ഓരോ വർഷവും തുടങ്ങിയ പദ്ധതികളുടെ പേരു വിവരം, പഞ്ചായത്തിൽ ചെലവഴിച്ച തുക, പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം I, II എന്നിവയിൽ ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly